ICPS4(B)/7815/16

ഐ.സി.പി.എസ്
സാമൂഹ്യ നീതി വകുപ്പ്
പൂജപ്പുര
തിരുവനന്തപുരം
തീയതി: 02/03/2017

## സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ് -ICPS- 2016-17 സാമ്പത്തിക വർഷം ഐ.സി.പി.എസ്-ന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും അനുവദിച്ച തുക സറണ്ടർ ചെയ്യുന്നത് സംബന്ധിച്ച്

സൂചന:-

സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ നടപ്പ് സാമ്പത്തിക വർഷത്തെ ശീർഷകമായ 2235-02-102-61(P)-ൽ നിന്നും പദ്ധതിയുടെ ജില്ലാ ഘടകമായ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുടെ പ്രവർത്തനത്തിനായി ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്ക് തുക ആലോട്ട്മെന്റായി നൽകിയിരുന്നു. എന്നാൽ ട്രഷറി കോർ ബാങ്കിംഗ് പൂർത്തിയകാത്തതിനാൽ മറ്റ് സാങ്കേതിക പ്രശ്നങ്ങൾ മുഖേനയും പ്രസ്തുത ഫണ്ട് യഥാസമയം ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്ക് കൈമാറാൻ കഴിയാത്തതായി അറിയുവാൻ സാധിച്ചു.

ഈ സാഹചര്യത്തിൽ നടപ്പ് സാമ്പത്തിക വർഷം ഐ.സി.പി.എസ്-ന്റെ 2235-02-102-61(P) എന്ന ശീർഷകത്തിൽ നിന്നും ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്ക് ആലോട്ട്മെന്റായി ലഭിച്ച തുക വിനിയോഗിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക 2017 മാർച്ച് 15-)ം തീയതിയ്ക്ക് മുൻപ് സറണ്ടർ ചെയ്യേണ്ടതും, സറണ്ടർ ചെയ്യുന്ന തുകയുടെ വിശദവിവരങ്ങൾ ഡയറക്ടറുടെ ഉത്തരവ് ഉൾപ്പെടെ എസ്.സി.പി.എസ്-ന്റെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. icpskerala@gmail.com എന്ന E-mail ID-യിലേക്കും വിവരങ്ങൾ അയക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

പകർപ്പ്:

1.സൂപ്രണ്ട് A സെക്ഷൻ
2.ICPS 4
3.സ്റ്റോക്ക് ഫയൽ